**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 758** **02-02-2023 - ൽ മറുപടിയ്ക്ക്**

**സംരംഭകരെ സഹായിക്കാൻ പുതിയ വായ്പ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സഹകരണ വകുപ്പിന്റെ കീഴിലുള്ള സാമ്പത്തിക സ്ഥാപനങ്ങൾ അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് സംസ്ഥാനത്ത് തന്നെ തൊഴിൽ ചെയ്യുന്നതിനും വരുമാനം ഉണ്ടാക്കുന്നതിനും നൽകി വരുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് സ്വയം തൊഴിൽ ചെയ്ത് വരുമാനം ഉണ്ടാക്കുന്നതിനായി അഭ്യസ്ത വിദ്യരായ ഉദ്യോഗാർത്ഥികൾ ഉൾപ്പെടെയുള്ളവർക്കായി വ്യത്യസ്തങ്ങളായ MSME വായ്പാ പദ്ധതികൾ കേരള സംസ്ഥാന സഹകരണ ബാങ്കും മറ്റ് പ്രാഥമിക വായ്പാ സംഘങ്ങളും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ നോർക്കയുമായി ചേർന്നുകൊണ്ട് പലിശ/ ക്യാപിറ്റൽ സബ്സിഡിയോട് കൂടിയിട്ടുള്ള വായ്പാപദ്ധതികളും, അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ വൈദഗ്ദ്യം നേടുന്നതിന് ASAP (Additional Skill Acquisition Programme)-മായി സഹകരിച്ച് വായ്പാ പദ്ധതിയും കേരള സംസ്ഥാന സഹകരണ ബാങ്ക് നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | വിദ്യാഭ്യാസം നേടിയ മേഖലയുമായി ബന്ധപ്പെട്ട സംരംഭങ്ങൾ ആരംഭിക്കുന്നതിന് മുദ്ര ലോൺ മാതൃകയിൽ കുറഞ്ഞ പലിശയ്ക്ക് സഹകരണ മേഖലയിൽ നിന്ന് വായ്പ നൽകുന്ന പദ്ധതി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | വ്യത്യസ്ത മേഖലകളിൽ സംരംഭങ്ങൾ ആരംഭിക്കുവാനായി കേരള ബാങ്ക് വഴി വായ്പകൾ അനുവദിച്ച് വരുന്നുണ്ട്. ഇതിൽ പരമാവധി 5.00 ലക്ഷം രൂപ വരെ ലഘു ജാമ്യ വ്യവസ്ഥയിൽ അനുവദിക്കുന്നുണ്ട്. കൂടാതെ വിവിധ സർക്കാർ വകുപ്പുകൾ/ഏജൻസികൾ മുതലായവയുമായി ചേർന്ന് പലിശ/ക്യാപിറ്റൽ സബ്സിഡി ലഭ്യമാക്കിക്കൊണ്ട് കുറഞ്ഞ പലിശ നിരക്കിലും കേരള സംസ്ഥാന സഹകരണ ബാങ്ക് വായ്പകൾ അനുവദിക്കുന്നുണ്ട്. |
| (സി) | വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന സിംഗിൾ വിൻഡോ അംഗീകാരം നേടുന്ന സംരംഭങ്ങൾക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | കേരള സംസ്ഥാന സഹകരണ ബാങ്ക് വഴി പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിന് KB-SMART വായ്പാ പദ്ധതി പ്രകാരം 10.00 ലക്ഷം രൂപ വരെ അനുവദിച്ച് വരുന്നുണ്ട്. സിംഗിൾ വിൻഡോ അംഗീകാരം നേടുന്ന സംരംഭങ്ങൾക്കും ടി പദ്ധതി വഴി കേരള സംസ്ഥാന |

| | | | |
|---|---|---|---|
| | | | സഹകരണ ബാങ്കിൽ നിന്നും ഫണ്ട് ലഭ്യമാക്കാവുന്നതാണ് |

സെക്ഷൻ ഓഫീസർ